നം. ക്യൂ.ഐ.പി 2/35513/2013/ ഡി.പി.ഐ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 17-05-2013

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - സ്കൂൾ പ്രവേശനോത്സവം 2013 - മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- 1. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.

2. എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ 15.5.13 -ലെ കത്ത്.

സ്കൂളുകൾ മധ്യവേനലവധി കഴിഞ്ഞ് 2013 ജൂൺ 3- ാം തീയതി തുറക്കുകയാണ്. ഓരോ അക്കാദമിക്ക് വർഷവും ആരംഭിക്കുമ്പോൾ സ്കൂളുകളിൽ പുതുതായി എത്തിച്ചേരുന്ന കുട്ടികളെ സ്വാഗതം ചെയ്യുന്നത് പ്രവേശനോത്സവത്തിലൂടെയാണ്. ഈ വർഷത്തെ പ്രവേശനോത്സവത്തിൽ വച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ലേഖനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എസ്.എസ്.എ പ്രസിദ്ധപ്പെടുത്തിയ രക്ഷകർതൃ സമിതിയ്ക്കുള്ള കൈപ്പുസ്തകമായ "പഠിപ്പിയ്ക്കുക പരിരക്ഷിക്കുക" എന്ന പുസ്തകം പ്രകാശനം ചെയ്യുന്നതാണ്. ഓരോ വിദ്യാലയങ്ങളിലെയും ഹെഡ്മാസ്റ്റർമാർ പി.ടി.എ പ്രസിഡന്റിന് നൽകി പുസ്തക പ്രകാശനം അന്നേ ദിവസം നിർവ്വഹിക്കേണ്ടതാണ്. അതിനുശേഷം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രഥമദിനസന്ദേശം ഹെഡ്മാസ്റ്റർമാർ വായിക്കേണ്ടതാണ്.

കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ജനങ്ങളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പരിപാടിയാക്കി മാറ്റി വളരെ ആകർഷകമാക്കി മാറ്റേണ്ടതാണ്. അതിനായി സംസ്ഥാന/ ജില്ല/ഗ്രാമപഞ്ചായത്ത് /മുൻസിപ്പിൽ കോർപ്പറേഷൻ സ്കൂൾ തലപരിപാടികൾ വിഭാവന ചെയ്യേണ്ടതാണ്. സംസ്ഥാന തലപരിപാടി കോഴിക്കോട് ജില്ലയിലാണ് നടക്കുന്നത്. കൂടാതെ എല്ലാ ജില്ലകളിലും വളരെ ആകർഷണീയമായി പരിപാടി സംഘടിപ്പിക്കേണ്ടതാണ്.

ജില്ലകളിൽ ഡി.ഡി.ഇ, എസ്.എസ്.എ പ്രോജക്ട് ഓഫീസർ എന്നിവർ കൂട്ടായി ജില്ലാ പഞ്ചായത്തുമായി ആലോചിച്ച് ഒരു ജനകീയ പരിപാടിയായി പ്രവേശനോത്സവവും നടത്തേണ്ടതാണ്. ബന്ധപ്പെട്ട മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെടുകയും ഉദ്ഘാടന സ്ഥലം , സമയം, മറ്റ് വിശദാംശങ്ങൾ എന്നിവ അറിയിക്കുകയും ചെയ്യേണ്ടതാണ്.

പ്രവേശനോത്സവം മുഴുവൻ സ്കൂളുകളിലും നടക്കേണ്ടതുണ്ട്. ബന്ധപ്പെട്ട എം.പി.മാർ, എം.എൽ.എ മാർ തദ്ദേശഭരണ ജനപ്രതിനിധികൾ എന്നിവരുടെ എല്ലാം സഹകരണത്തോടെ പരമാവധി ജന പങ്കാളിത്തവും ഉറപ്പാക്കണം. പ്രവേശനോത്സവം ജില്ലയിൽ എല്ലാ തലങ്ങളിലും പൊതുജന പങ്കാളിത്തത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആകർഷണീയമായ രീതിയിൽ

വിജയകരമായി നടത്തുന്നതിനുവേണ്ട നടപടികൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം തന്നെ റോഡ് സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.റ്റി തയ്യാറാക്കിയിട്ടുള്ള സുരക്ഷിതയാത്ര എന്ന തലക്കെട്ടിലുള്ള കൈപ്പുസ്തകത്തിലെ ഉള്ളടക്കം സ്വാംശീകരിച്ച് വിദ്യാർത്ഥികളിലെത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം അദ്ധ്യാപക സമൂഹത്തിന്റെതാണ് എന്ന സന്ദേശം അദ്ധ്യാപകരിലെത്തിക്കുന്നതിനും ഈ കൈപ്പുസ്തകത്തിന്റെ സി.ഡി. വെബ് സൈറ്റിൽ നിന്നും ശേഖരിച്ച് സ്ക്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്കൂൾ അധികൃതർക്ക് നൽകേണ്ടതാണ്.

അടുത്ത അധ്യയന വർഷത്തേക്കുള്ള പാഠ്യേതര പ്രവർത്തനങ്ങൾക്കും ശാരീരികമാനസികാരോഗ്യ ക്ലാസുകൾ, സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള സി.ഡി./പുസ്തകം/ലഘുരേഖകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലും വിദഗ്ധരുടെ പങ്കാളിത്തത്തോടെയും അന്നേദിവസം രക്ഷാകർത്താക്കളെകൂടി പങ്കെടുപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും നിർദ്ദേശിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, എസ്.എസ്.എ
3. കരുതൽ ഫയൽ.

Vrr 17-05-13